**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 922** **31-01-2024 - ൽ മറുപടിയ്ക്ക്**

**എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2023 -24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അനുവദിച്ചിട്ടുള്ള എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 2023-24 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ എരുമേലി മാസ്റ്റർ പ്ലാനിനുവേണ്ടി 10 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. തുടർന്ന് എരുമേലി മാസ്റ്റർപ്ലാൻ വിഭാവനം ചെയ്യുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. ദേവസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. പൂഞ്ഞാർ എം.എൽ.എ., തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിലും 06/06/2023-ന് യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിലെ തീരുമാന പ്രകാരം എരുമേലി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റ് സ്ഥാപനത്തെ കണ്ടെത്തുന്നതിനുള്ള താല്പര്യപത്രം ക്ഷണിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് താല്പര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ M/s Space Art എന്ന സ്ഥാപനം താല്പര്യം അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കാൻ ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | 2023-24 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ എരുമേലി മാസ്റ്റർ പ്ലാനിനുവേണ്ടി 10 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. തുടർന്ന് എരുമേലി മാസ്റ്റർപ്ലാൻ വിഭാവനം ചെയ്യുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. ദേവസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. പൂഞ്ഞാർ എം.എൽ.എ., തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിലും 06/06/2023-ന് യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിലെ തീരുമാന പ്രകാരം എരുമേലി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റ് സ്ഥാപനത്തെ കണ്ടെത്തുന്നതിനുള്ള താല്പര്യപത്രം |

| | | | |
|---|---|---|---|
| | | | ക്ഷണിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് താല്പര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ M/s Space Art എന്ന സ്ഥാപനം താല്പര്യം അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ